## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1707 — 05.12.2014 ൽ മറുപടിയ്ക്ക്

# കായംകുളം നിയസഭാ മണ്ഡലത്തിലെ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. സി.കെ.സദാശിവൻ

ഉത്തരം
ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2013—2014 ലിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് എത്ര കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ടെൻഡർ ക്ഷണിച്ചു;<br>(ബി) അതിൽ എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തു; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു; | (എ) & (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ സാരക്ഷണ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത് ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ്. ടെൻഡർ മുഖേന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല. കായാംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2013--2014 ൽ 11 കുളങ്ങൾ പുനരുദ്ധരിക്കാനുള്ള അനുമതി ലഭിച്ചതിൽ 5 കുളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ (2014--2015 ) ഒരു പ്രവൃത്തി പോലും ടെൻഡർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; എല്ലാ പ്രവൃത്തികളും ടെൻഡർ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) & (ഡി) 2014—2015 ലെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരികയാണ്. |

സെക്ഷൻ ഓഫീസർ